6/5/21


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

DESPATCHED On..22/06/21......

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


**ഹർജി നമ്പർ AP No. 278(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 3650/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി 2021 മേയ് 6**

ശ്രീമതി സി. മീര,
ചക്കപ്പോയൻ ഹൗസ്,
കോറ്റാളി പി.ഒ.,
കണ്ണൂർ – 670 005
} അപ്പീൽ ഹർജിക്കാരി

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ,
കണ്ണൂർ.

2) അപ്പീൽ അധികാരി &
എക്സിക്യൂട്ടീവ് എഞ്ചിനീയർ,
കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ,
എൽ.എസ്.ജി.ഡി. വിഭാഗം, കണ്ണൂർ.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 22/10/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 08/12/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 10/03/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 15/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27/03/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 20/04/2021 |
| ഹിയറിംഗ് നടന്ന തീയതി | 06/05/2021 (ആഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി സി.മീര, 10.03.2021 തീയതി

സമർപ്പിച്ച അപ്പീൽ ഹർജി 15.03.2021 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.278(1)/2021/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 45 ദിവസം കഴിഞ്ഞിട്ടും യാതൊരു മറുപടിയും ലഭിക്കാത്തതുകൊണ്ട് രണ്ടാം എതിർകക്ഷിയായ കോർപ്പറേഷൻ സെക്രട്ടറി മുമ്പാകെ അപ്പീൽ സമർപ്പിച്ചു എന്നും ആയതിനും മറുപടി ലഭിച്ചിട്ടില്ല എന്നും ആയതിനാൽ ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. 22/10/2020 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി പ്രസ്താവിച്ചത്, 24.4.2017-ന് ടിയാൾ 15 മീറ്റർ ചുറ്റുമതിൽ നിർമ്മിക്കാൻ വേണ്ടി പ്ലാനും അനുബന്ധരേഖകളും സോണൽ ഓഫീസിൽ സമർപ്പിച്ചിട്ടും ടി പ്ലാൻ പാസ്സാക്കി തരുകയോ കാരണം കാണിച്ച് മടക്കുകയോ ചെയ്തിട്ടില്ലെന്നും 42 മാസം മുമ്പ് സമർപ്പിച്ച പ്ലാനിന്റെ അവസ്ഥ എന്താണെന്ന് അറിയിക്കണമെന്നുമാണ്.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരി 22/10/2020-ന് നൽകിയ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ 22/04/2017-ന് മതിൽ കെട്ടുന്നതിന് നൽകിയ അപേക്ഷയിൽ എന്തുകൊണ്ടാണ് പ്ലാൻ പാസ്സാക്കാത്തതെന്നും, എന്തുകൊണ്ടാണ് കാരണം കാണിച്ച് പ്ലാൻ മടക്കാത്തതെന്നും, കഴിഞ്ഞ പ്ലാനിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും കാണിച്ചാണ് 3 ചോദ്യങ്ങൾ ചോദിച്ചിരുന്നതെന്നും ആയതിന് 16/11/2017-ന് എ4-1306/17 നമ്പർ പ്രകാരം അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും കാണിച്ച് ഹർജിക്കാരിക്ക് 19/11/2020-ന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി സമയബന്ധിതമായി നൽകിയിട്ടുള്ളതാണെന്നും പ്രസ്തുത അപേക്ഷയ്ക്ക് വിവരങ്ങൾ നൽകാൻ സോണൽ ഓഫീസർ തയ്യാറായിട്ടില്ല എന്നു കാണിച്ച് 08/12/2020 തീയതി കോർപ്പറേഷൻ സെക്രട്ടറിക്കാണ് അപേക്ഷ നൽകിയതെന്നും ആയത് വിവരാവകാശ നിയമപ്രകാരമുള്ള അപ്പീൽ അപേക്ഷ അല്ലെന്നും സാധാരണ അപേക്ഷയായിട്ടാണ് നൽകിയതെന്നും അപ്പീൽ സമർപ്പിക്കേണ്ട അപ്പീൽ അധികാരിയുടെ വിവരം അപേക്ഷയ്ക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിരുന്നുവെന്നും പ്രസ്തുത അപേക്ഷയിൽ അപ്പീൽ അപേക്ഷ എന്നു പരാമർശിക്കാതിരുന്നതിനാലാണ് അപ്പീൽ അപേക്ഷയായി പരിഗണിക്കാതിരുന്നത് എന്നും എന്നിരുന്നാലും സ്റ്റേറ്റ് പബ്ലിക്

ഇൻഫർമേഷൻ ഓഫീസർ മേൽ അപേക്ഷ പരിഗണിച്ച് സമയബന്ധിതമായി 21/12/2020 തീയതി മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, അപ്പീൽ ഹർജിക്കാരി ഒന്നാം അപ്പീൽ നൽകേണ്ടിയിരുന്നത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ആയിരുന്നു. ആയതിന് പകരം ടിയാൾ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിക്കാണ് ഒന്നാം അപ്പീൽ നൽകിയത്. അതുപോലെ തന്നെ അപ്പീൽ ഹർജിക്കാരി എതിർകക്ഷികൾ മുമ്പാകെ സമർപ്പിച്ച അപേക്ഷകളുടെ തനിപകർപ്പുകൾ അല്ല അപ്പീൽ അപേക്ഷയോടൊപ്പം കമ്മീഷനിൽ ഹാജരാക്കിയിട്ടുള്ളത് എന്ന് കാണുന്നു. ആയത് നിയമാനുസൃതമല്ല. എന്നിരുന്നാലും ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് നൽകിയ മറുപടി ടിയാൾക്ക് നാളിതുവരെ കിട്ടിയിട്ടില്ല എന്ന് കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ ഒന്നാം എതിർകക്ഷി പ്രസ്തുത മുറുപടിയുടെ പകർപ്പ് ഒരിക്കൽ കൂടി രജിസ്റ്റേർഡ് തപാലിൽ ടിയാൾക്ക് അയച്ചു കൊടുക്കണമെന്നും, പ്രസ്തുത മറുപടി തൃപ്തികരമല്ലെങ്കിൽ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 മേയ് 6–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്:

കമ്മീഷൻ സെക്രട്ടറി

യു.എസ്